# സ്വയംപര്യാപ്ത സിഡിഎസ്- മാതൃകയായി കൊല്ലത്തെ നെടുമ്പന

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീ 1998ലാണ് നിലവിൽ വന്നത്. അന്ന് മുതൽ ശക്തമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ സാമൂഹ്യ മേഖലയിൽ സ്ഥിര സാന്നിധ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു കുടുംബശ്രീ. ഇന്ന് 45 ലക്ഷത്തോളം വനിതകൾ കുടുംബശ്രീ അംഗങ്ങളാണ്. ത്രിതല സംഘടനാ സംവിധാനമാണ് കുടുംബശ്രീയ്ക്കുള്ളത്. അയൽക്കൂട്ടങ്ങളാണ് (എൻഎച്ച്ജി- നൈബർഹുഡ് ഗ്രൂപ്പ്) ഏറ്റവും അടിസ്ഥാന തലം. വാർഡ് തലത്തിൽ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിയും (എഡിഎസ്) പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയും (സിഡിഎസ്) ചേരുന്നതോടെ ത്രിതല സംഘടനാ സംവിധാനം പൂർത്തിയാകുന്നു. സമാന്തരമായ പ്രവർത്തനങ്ങളല്ല ഇവ നടത്തുന്നത്. സിഡിഎസിന്റെ കീഴ്ഘടകമായി എഡിഎസും എഡിഎസിന്റെ കീഴ്ഘടകമായി അയൽ ക്കൂട്ടങ്ങളും വർത്തിക്കുന്നു. ഈ മൂന്ന് സംവിധാനങ്ങളുടെയും സംയോജന പ്രവർത്തന ഫലമായി അതാത് പ്രദേശങ്ങളിലെ ദാരിദ്ര്യ ലഘൂകരണവും ദാരിദ്ര്യ നിർമ്മാർജ്ജന വും നടന്നുവരുന്നു. നിലവിൽ 1064 സിഡിഎസുകൾക്ക് കീഴിലുള്ള 2,99,297 അയൽക്കൂട്ടങ്ങളിലായി 44,91,834 സ്ത്രീകൾ അംഗങ്ങളാണ്.

ഒരുകൂട്ടം ഇല്ലായ്മകളുടേയും നിഷേധങ്ങളുടേയും ഫലമാണ് ദാരിദ്ര്യം എന്നതാണ് കുടുംബശ്രീയുടെ കാഴ്ചപ്പാട്. അതിനാൽത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും എക്കാലവും പുറന്തള്ളപ്പെട്ടവരും ദാരിദ്ര്യത്തിന്റെ തീക്ഷ്ണത നേരിട്ടനുഭ വിച്ചറിഞ്ഞവരുമായ ദരിദ്രവനിതകളുടെ ശാക്തീകരണപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്ന പ്രവർത്തന രീതികളാണ് കുടുംബശ്രീ പിന്തുടരുന്നത്. ദരിദ്ര സ്ത്രീകളുടെ കാര്യശേഷി യിലും ആസൂത്രണ വൈഭവത്തിലും പൂർണ്ണവിശ്വാസം പുലർത്തി തികച്ചും സുതാര്യ വും വികേന്ദ്രീകൃതവുമായ സമീപനമാണ് കുടുംബശ്രീയ്ക്കുള്ളത്. ദാരിദ്ര്യ ലഘൂകരണത്തിനുള്ള സമ്പാദ്യ വായ്പാ പദ്ധതികളും സ്വയംതൊഴിൽ സംരംഭങ്ങളു മായി തുടക്കം കുറിച്ച കുടുംബശ്രീ ഭാവനാപൂർണമായ വിപുലീകരണത്തിലൂടെയും വൈവിധ്യവൽക്കരണത്തിലൂടെയും ഇന്ന് സ്ത്രീജീവിതത്തിന്റെ സർവമണ്ഡലങ്ങളെയും സ്പർശിക്കുന്ന ജനകീയ പ്രസ്ഥാനമായി വളർന്നു കഴിഞ്ഞിരിക്കുന്നു.

ഒട്ടനവധി കേന്ദ്ര, സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി വർത്തിക്കുന്നു കുടുംബശ്രീ.

**സിഡിഎസും സ്വയംപര്യാപ്തതയും**

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് അതാത് തദ്ദേശഭരണ പ്രദേശത്ത് പ്രവർത്തിക്കാനായി രജിസ്ട്രർ ചെയ്തിരിക്കുന്ന സംവിധാനമാണ് സിഡിഎസ്. ഒരു തദ്ദേശ സ്ഥാപനത്തിൽ ഒരു സിഡിഎസ് എന്ന രൂപീകരണ രീതിയാണുള്ളതെങ്കിലും നഗരമേഖലകളിൽ നിരവധി അയൽക്കൂട്ടങ്ങളും എഡിഎസുകളും വരുമ്പോൾ ആ തദ്ദേശ സ്ഥാപനതലത്തിൽ ഒന്നിലേറെ സിഡിഎസുകൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ചിട്ടുള്ള ബൈലോ അനുസരിച്ച് രജിസ്ട്രേഷൻ നേടി പ്രവർത്തിക്കുന്ന സിഡിഎസ്സുകൾ ജനാധിപത്യ രീതിയിലാണ് പ്രവർത്തിക്കുന്നത്. അതാത് തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് സിഡിഎസ്സുകൾ പ്രവർത്തിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കുടുംബശ്രീയുടെ പ്രവർത്തനം സംഘടിപ്പിക്കുന്നതും സിഡിഎസ്സുകളിലൂടെയാണ്. സിഡിഎസ് മുഖേനയാണ് താഴേത്തട്ടിലേക്ക് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ എത്തുന്നത്. ഇത്തരത്തിൽ അയൽക്കൂട്ട വനിതകളുടെ ഉന്നമനം ലക്ഷ്യമിട്ട് സാമ്പത്തികമായി നിരവധി സഹായങ്ങളാണ് സിഡിഎസ് മുഖേന നൽകിവരുന്നത്. സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾക്കും കാർഷിക -മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കും കൂടാതെ ലഘുസമ്പാദ്യ പ്രവർത്തനങ്ങൾക്കുമെല്ലാമായി വിവിധതരത്തിലുള്ള ധനസഹായങ്ങൾ നൽകിവരുന്നു. സംസ്ഥാന മിഷനിൽ നിന്നും ജില്ലാ മിഷനിൽ നിന്നും അനുവദിക്കുന്ന തുക സിഡിഎസിൽ എത്തുകയും സിഡിഎസുകൾ അയൽക്കൂട്ടങ്ങൾക്ക് നൽകുകയുമാണ് ചെയ്യുക. വിവിധ പലിശ സബ്സിഡികൾ, മാച്ചിങ് ഗ്രാന്റ് മുതൽ റിവോൾവിങ് ഫണ്ട്, ഇന്നൊവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട് എന്നിങ്ങനെ നിരവധി ധനസഹായങ്ങളാണ് സിഡിഎസ് മുഖേന നൽകുന്നത്. അയൽക്കൂട്ടങ്ങൾ നൽകുന്ന അപേക്ഷകൾ പരിഗണിച്ച് അത് ബോധ്യം വന്നതിന് ശേഷമാകും തുകകൾ അനുവദിക്കുന്നത്.

**തനത് ഫണ്ട്-** തനത് ഫണ്ട് എന്ന ഇനത്തിൽ സിഡിഎസുകൾക്ക് സ്വന്തമായി പ്രവ ർത്തന ഫണ്ട് ഉണ്ട്. അയൽക്കൂട്ടങ്ങളുടെ എൻട്രി/ അഫിലിയേഷൻ ഫീസുകൾ, വാർഷികമായി അംഗത്വ പുതുക്കൽ വഴി ലഭിക്കുന്ന തുക, സംഭാവനയായി ലഭിക്കുന്ന തുക, സർക്കാർ അല്ലെങ്കിൽ മറ്റ് സംഘടനകൾ എന്നിവിടങ്ങളിൽ നിന്നുള്ള ഗ്രാന്റുകൾ

ഇവയെല്ലാം ഈ പ്രവർത്തന ഫണ്ടിൽ ഉൾപ്പെടുന്നു. ബാങ്ക് അക്കൗണ്ടിലാണ് ഈ തുക സൂക്ഷിക്കുന്നത്. സിഡിഎസ് ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും ചേർന്നാണ് ബാങ്ക് അക്കൗണ്ട് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. സിഡിഎസ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ശേഷമാകും ബാങ്കിങ് പ്രവർത്തനങ്ങൾ നടത്തുക.

അതേസമയം ഒരു ദൗത്യമെന്ന നിലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയിൽ സിഡിഎസുകൾ സ്വയംപര്യാപ്തത നേടേണ്ടത് അവശ്യമാണ്. സർക്കാരിൽ നിന്നും മറ്റുമുള്ള ധനസഹായം ഇല്ലാതായാൽ അയൽക്കൂട്ടങ്ങളുടെ മേൽഘടകമെന്ന രീതിയിൽ താഴേത്തട്ടിലെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് സിഡിഎസ് നിലനിൽക്കേണ്ടത് അവശ്യമാണ്. അതിനാൽ തന്നെ സിഡിഎസുകൾക്ക് സ്വന്തമായി വരുമാനം കണ്ടെത്തേണ്ടതുണ്ട്.

**മാതൃകയായി നെടുമ്പന**

കൊല്ലം താലൂക്കിന്റെ കിഴക്കൻ അതിർത്തിയിലുള്ള ഗ്രാമപഞ്ചായത്താണ് നെടുമ്പന. ഈ സിഡിഎസിന്റെ കീഴിൽ 23 എഡിഎസുകളാണുള്ളത്. പഴങ്ങാലം നോർത്ത്, നല്ലില, നല്ലില ഈസ്റ്റ്, പുലിയില നോർത്ത്, പുലിയില, ഇളവൂർ, പള്ളിമൺ നോർത്ത്, മലേവയൽ, മിയ്യണ്ണൂർ, വെളിച്ചിക്കാല, കുണ്ടുമൺ, പള്ളിമൺ, കുളപ്പാടം സൗത്ത്, മുട്ടയ്ക്കാവ് നോർത്ത്, മുട്ടയ്ക്കാവ് സൗത്ത്, മുട്ടയ്ക്കാവ് വെസ്റ്റ്, നെടുമ്പന സൗത്ത്, കുളപ്പാടം നോർത്ത്, നെടുമ്പന, കളയക്കൽ, നെടുമ്പന നോർത്ത്, പഴങ്ങാലം സൗത്ത്, പഴങ്ങാലം എന്നീ വാർഡുകളാണ് പഞ്ചായത്തിന് കീഴിലുള്ളത്. സീമ ഹരിലാൽ ആണ് സിഡിഎസ് ചെയർപേഴ്സൺ. രജനി മെമ്പർ സെക്രട്ടറിയും.

ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കളുടെ വീട് നിർമ്മാണത്തിനുള്ള സിമന്റ് ഇഷ്ടിക, കട്ടിള, ജനൽ കട്ടിള എന്നിവ ലഭ്യമാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി (എംഎൻആർഇജിഎസ്) സംയോജിപ്പിച്ച് നടത്തുന്ന ബിൽഡിങ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകളിലേക്ക് അസംസ്കൃത വസ്തുക്കൾ (സിമന്റ്, എം സാൻഡ്, 6എംഎം മെറ്റൽ, 12.5 എംഎം മെറ്റൽ) വാങ്ങി വിതരണം ചെയ്യുന്ന വെണ്ടർ ആയി പ്രവർത്തിച്ച് സ്വയം വരുമാനം കണ്ടെത്തുകയാണ് നെടുമ്പന സിഡിഎസ് ചെയ്തത്.

**ആശയത്തിലേക്കെത്തിയ വഴി**

കുടുംബശ്രീയുടെ ബിൽഡിങ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ വഴി ലൈഫ് മിഷൻ വീട് നിർമ്മാണത്തിനുള്ള സാമഗ്രികൾ വിതരണം ചെയ്യാമെന്ന സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. എന്നാൽ ഈ യൂണിറ്റുകളിലേക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ടെണ്ടർ വിളിച്ച് വിതരണക്കാരെ തെരഞ്ഞെടുത്തായിരുന്നു എത്തിച്ച് നൽകിയിരുന്നത്. തൊഴിലുറപ്പ് പദ്ധതിയിലെ സാധന ഘടകം ഉപയോഗിച്ചായിരുന്നു ഈ അസംസ്കൃത വസ്തുക്കൾ എത്തിച്ചിരുന്നത്. എന്നാൽ ഫണ്ട് ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ വിതരണക്കാർ ടെണ്ടറിൽ പങ്കെടുക്കാൻ വിമുഖത കാട്ടി. ഇതോടെയാണ് വെണ്ടർ ആയി കുടുംബശ്രീയുടെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളെ (സിഡിഎസിനെ) ചുമതലപ്പെടുത്താമെന്ന ഉത്തരവ് സർക്കാർ ഇറക്കിയത്.

അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വെണ്ടറായി സിഡിഎസിനെ തെരഞ്ഞെടുക്കാവുന്നതാണെ ന്നും ഗ്രാമപഞ്ചായത്തിന് കുടുംബശ്രീ സിഡിഎസുമായി സാധാന സാമഗ്രികളുടെ വാങ്ങലിന് നേരിട്ട് കരാറിലേർപ്പെടാമെന്നും ഉത്തരവിൽ പറഞ്ഞിരുന്നു. പൊതു ടെണ്ടർ നടപടിയിലൂടെ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ തീരുമാനിക്കുകയാണെങ്കിൽ ചില ഇളവുകൾ അനുവദിച്ച് കുടുംബശ്രീ സിഡിഎസിനും വെണ്ടറെന്ന നിലയിൽ പങ്കെടുക്കാമെന്നും ഉത്തരവിൽ പരാമർശിച്ചിരുന്നു. ടെണ്ടറിൽ പങ്കെടുക്കാൻ വെണ്ടർ സമർപ്പിക്കേണ്ട ഇ.എം.ഡി (ഏണസ്റ്റ് മണി ഡെപ്പോസിറ്റ്), ഇതര വെണ്ടർമാർ സമർപ്പിക്കുന്ന ടെണ്ടർ തുകയേക്കാൾ ഓരോ ഇനങ്ങൾക്കും 0.05 ശതമാനം ഉയർന്ന നിരക്ക് അഥവാ ലോക്കൽ മാർക്കറ്റ് റേറ്റ് ഇതിലേതാണോ കുറവ് ആയത് സിഡിഎസിന് അനുവദിക്കാവുന്നതാണ് എന്നിങ്ങനെയുള്ള ഇളവുകളായിരുന്നു നൽകിയിരുന്നത്.

നെടുമ്പന പഞ്ചായത്തിൽ 232 ലൈഫ് മിഷൻ ഗുണഭോക്താക്കളാണുള്ളത്. 2018-2019 സാമ്പത്തിക വർഷം ഇവരുടെ വീടുകളുടെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. തുടക്കത്തിൽ പൊതു ടെണ്ടർ വിളിച്ച് അസംസ്കൃത വസ്തുക്കൾ സപ്ലേ ചെയ്യാനുള്ള വെണ്ടറിനെ തീരുമാനിച്ചു. എംജിഎൻആർജിഎസിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ ഈ ഫണ്ട് വരാൻ കാലതാമസം നേരിട്ടതോടെയാണ് പുതുക്കിയ ഉത്തരവ് അനുസരിച്ച് കുടുംബശ്രീ സിഡിഎസിനെ വെണ്ടറാക്കാൻ

പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈക്കൊണ്ടത്. 2018 സെപ്റ്റംബറിലായിരുന്നു ഇത്. അതേ വർഷം ഒക്ടോബറിൽ സിഡിഎസ് കമ്മറ്റി കൂടുകയും മേൽപ്രവർത്തനങ്ങൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു. വെണ്ടറായി സിഡിഎസ് എത്തുന്നതോടെ എംജിഎൻആർഇജിഎസ് ഫണ്ട് വരുന്ന മുറയ്ക്ക് തുക സിഡിഎസിന്റെ അക്കൗണ്ടിലേക്ക് എത്തും. അസംസ്കൃത വസ്തുക്കൾക്ക് എംജിഎൻആർഇജിഎസ് വകയിരുത്തിയിരിക്കുന്ന തുകയേക്കാൾ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങി നൽകാൻ സിഡിഎസിന് കഴിയുമ്പോൾ ശേഷിച്ച തുക ലാഭമെന്ന നിലയിൽ വരുമാനമായി സിഡിഎസിന് നേടാനുമാകുന്നു.

**പ്രവർത്തനരീതി**

കുടുംബശ്രീയെ വെണ്ടറായി തെരഞ്ഞെടുത്തു. നെടുമ്പന സിഡിഎസ് ജിഎസ്ടി രജിസ്ട്രേഷൻ നേടുകയും പാൻകാർഡ് എടുക്കുകയും ചെയ്തു.

ഇതേത്തുടർന്ന് നെടുമ്പന സിഡിഎസ് മുഖേന സിമന്റ് കട്ട നിർമ്മാണത്തിന് ആവശ്യമായി സിമന്റ്, എം സാൻഡ്, 6 എംഎം, 12.5 എംഎം മെറ്റൽ എന്നീ അസംസ്കൃത വസ്തുക്കൾ ആവശ്യാനുസരണം ഒരു വർഷത്തേക്ക് വിതരണം ചെയ്യുന്നതിന് അംഗീകൃത ഏജൻസികൾ, കരാറുകൾ, സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്ന് ക്വൊട്ടേഷൻ ക്ഷണിക്കുകയായിരുന്നു അടുത്ത ഘട്ടം. 2018 സെപ്റ്റംബർ 25നായിരുന്നു അവസാന തിയതി.

ക്വൊട്ടേഷൻ അനുസരിച്ച് രണ്ട് വിതരണക്കാരുമായി സിഡിഎസ് കരാറിലെത്തി. ബിൽഡിങ് മെറ്റീരിയൽ നിർമ്മാണ യൂണിറ്റിലേക്ക് സാധനങ്ങൾ എത്തിച്ച് നൽകാമെന്നതും കരാറിലുണ്ടായിരുന്നു. 2018 സെപ്റ്റംബർ 28 മുതൽ 2019 സെപ്റ്റംബർ 27 വരെയായിരുന്നു കരാർ കാലാവധി. 2018 നവംബർ മുതൽ വെണ്ടറെന്ന നിലയിൽ സിഡിഎസ് പ്രവർത്തനം ആരംഭിച്ചു.

**വില നിലവാരവും സിഡിഎസിന് ലഭിക്കുന്ന ലാഭവും**

| ആവശ്യമായ സാധനങ്ങൾ | അളവ് | എംജിഎൻആർഇജിഎസ് റേറ്റ് (രൂപ) | വിതരണക്കാർ ഈടാക്കുന്ന റേറ്റ് | ലാഭം (രൂപ) |
|---|---|---|---|---|
| സിമന്റ് | 1 ബാഗ് | 420 | 410 | 10 |
| എം സാൻഡ് | 1 എം3 | 1855 | 1820 | 35 |
| 6 എംഎം മെറ്റൽ | 1 എം3 | 2200 | 1625 | 575 |
| 12.5 എംഎം മെറ്റൽ | 1 എം3 | 2380 | 1695 | 685 |

എം സാൻഡ്, സിമന്റ് എന്നിവ്ക്ക് വിപണിയിൽ വിലവർദ്ധനവുണ്ടായാലും പഞ്ചായത്ത് അംഗീകരിച്ച റേറ്റിൽ തന്നെ കരാർ കലാവധി അവസാനിക്കുന്നത് വരെ വിതരണം ചെയ്യേണ്ടതാണെന്നും കരാറിലുണ്ടായിരുന്നു.

തൊഴിലുറപ്പ് ജോലികൾ ചെയ്യുന്ന തൊഴിലാളികളിൽ വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലിൽ ഏർപ്പെടാൻ പരിശീലനം നൽകാൻ ഉത്തരവുണ്ടായിരുന്നു. തൊഴിലുറപ്പ് ജോലി ചെയ്യുന്ന കുടുംബശ്രീ അംഗങ്ങളെ ചേർത്ത് കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകി ആരംഭിച്ച യൂണിറ്റുകൾ വഴി വീട് നിർമ്മാണത്തിനാവശ്യമുള്ള സിമന്റ് കട്ടയും കട്ടിളയുമടക്കമുള്ളവ നിർമ്മിച്ച് നൽകാമെന്നും ഉത്തരവുണ്ടായിരുന്നു. എന്നാൽ നെടുമ്പന സിഡിഎസിന് കീഴിൽ ഇങ്ങനെയൊരു യൂണിറ്റില്ലാത്തിനാൽ തന്നെ തൊഴിലുറപ്പ് തൊഴിലാളികൾ ചേർന്ന് നടത്തുന്ന സേവാസമിതി മുഖേനയായിരുന്നു കട്ട നിർമ്മാണം. 8 പേർ ചേർന്ന യൂണിറ്റിന്റെ പ്രവർത്തനത്തിന് കമ്പനി വാടകയ്ക്കെടുത്തടക്കമുള്ള പ്രവർത്തനങ്ങൾ ചെയ്തത് പഞ്ചായത്തായിരുന്നു. ഈ കമ്പനിയിലേക്ക് കുടുംബശ്രീ മുഖേന അസംസ്കൃത വസ്തുക്കൾ എത്തിച്ച് നൽകുകയാണ് ചെയ്തത്.

**ഫണ്ടും പേയ്മെന്റും**

ക്വൊട്ടേഷൻ അനുസരിച്ച് 2 വിതരണക്കാരാണ് കുടുംബശ്രീയുമായി കരാറിലെത്തിയത്. 232 ഗുണഭോക്താക്കളിൽ 226 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തിയാക്കി. ഒരു ഗുണഭോക്താവിന് 800 കട്ട വീതം 1,80,000 കട്ടകൾ നിർമ്മിച്ച് നൽകുന്നതിന് നെടുമ്പന സിഡിഎസ് വെണ്ടർ എന്ന നിലയിൽ പ്രവർത്തിച്ചു. 2019 ജൂലൈ വരെ അസംസ്കൃത വസ്തുക്കളുടെ വിതരണം നടത്തി. ഇതിനായി കേന്ദ്രത്തിൽ നിന്ന് 67,48,703 രൂപ ഇതുവരെ ലഭിച്ചു കഴിഞ്ഞു. 2019 ഫെബ്രുവരിയിലാണ് കേന്ദ്രത്തിൽ നിന്ന് ആദ്യം ഫണ്ട് ലഭിച്ചത്. 59,59,899 രൂപ വിതരണക്കാർക്ക് നൽകി കഴിഞ്ഞു. കേന്ദ്രത്തിൽ നിന്ന് ഫണ്ട് കിട്ടാൻ 2019 ഫെബ്രുവരി മാസമായെങ്കിലും 2018 നവംബറിൽ തന്നെ വിതരണക്കാർക്ക് ആദ്യഘട്ടത്തിൽ പേയ്മെന്റ് നൽകി. ജനുവരി മാസത്തിൽ മൂന്ന് തവണ കൂടി പേയ്മെന്റ് നടത്തി. ഈ തുക സിഡിഎസ് ഫണ്ടിൽ നിന്നാണ് കണ്ടെത്തിയത്. ഫെബ്രുവരിയിൽ കേന്ദ്ര ഫണ്ട് കിട്ടിയതിന് ശേഷമാണ് ശേഷിച്ച പേയ്മെന്റുകൾ നടത്തിയത്. ഇനി 12,15,000 രൂപ കൂടി എംജിഎൻആർജിഎസ് ഫണ്ട് ഇനത്തിൽ ലഭിക്കാനുണ്ട്. ഈ തുക കൂടി ലഭിച്ചു കഴിയുമ്പോൾ വിതരണക്കാർക്ക് നൽകാൻ ശേഷിക്കുന്ന തുക കൂടി നൽകിത്തീർക്കും. അതിന് ശേഷം ആകെ **13.5 ലക്ഷം രൂപ** ലാഭമായി സിഡിഎസ് അക്കൗണ്ടിൽ ശേഷിക്കും.

**വെണ്ടർ എന്ന നിലയിൽ നെടുമ്പന സിഡിഎസിന് ലഭിച്ച തുകയും ലാഭവവും**

1. 6എംഎം മെറ്റൽ വിതരണം ചെയ്ത് (14 ലോഡ്) ലഭിച്ച ലാഭം – 87,794 രൂപ
2. 12എംഎം മെറ്റൽ വിതരണം ചെയ്ത് (116 ലോഡ്) ലഭിച്ച ലാഭം – 8,78,038 രൂപ
3. സിമന്റ് വിതരണം ചെയ്ത് (2985 ബാഗ്) ലഭിച്ച ലാഭം– 29,850 രൂപ
4. എം സാൻഡ് വിതരണം ചെയ്ത് ലഭിച്ച ലാഭം– 21,353 രൂപ

**ഭാവി**

സിഡിഎസിന് കീഴിൽ കുടുംബശ്രീ ബിൽഡിങ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും തൊഴിലുറപ്പ്, ലൈഫ് പോലുള്ള പദ്ധതികളുമായി സംയോജിച്ച് പ്രവർത്തനങ്ങൾ നടത്തുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സിഡിഎസ് വെണ്ടർ സംവിധാനം ഉപയോഗിച്ച് ഒരു പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യാൻ ശ്രമിക്കുന്നു. മാത്രമല്ല കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ ഏറ്റെടുക്കുന്ന നിർമ്മാണ

പ്രവർത്തനങ്ങൾക്കും മെറ്റീരിയ വിതരണം ചെയ്യാം. ലൈഫ്, പിഎംഎവൈ തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ കൂടി വിതരണം ചെയ്യാനും ലക്ഷ്യമിടുന്നു.